# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1392 04.12.2014 ലെ മറുപടിയ്ക്ക്

## റാന്നി മണ്ഡലത്തിലെ കെട്ടിട നിർമ്മാണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) റാന്നി നിയോജകമണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്; അവ ഏതൊക്കെ; | (എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇപ്പോൾ 5 കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്.<br>1. റാന്നിയിൽ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം<br>2. റാന്നിയിൽ താലൂക്ക് ആശുപത്രിയുടെ ഒ.പി.ബ്ലോക്കിന്റെ നിർമ്മാണം<br>3. വടശ്ശേരിക്കരയിൽ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം<br>4.വെച്ചൂച്ചിറയിൽ പോളിടെക്നിക് നിർമ്മാണം<br>5.ഇട്ടിയപ്പാറയിൽ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം. |
| (ബി) ഓരോ പ്രവൃത്തികളുടെയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ നിർമ്മാണവും കരാർ വ്യവസ്ഥ അനുസരിച്ച് പൂർത്തീകരിക്കേണ്ടത് ഏതൊക്കെ തീയതികളിലായിരുന്നു; | (ബി) ഓരോ പ്രവൃത്തികളുടെയും നിർമ്മാണ പുരോഗതി അനുബന്ധം - എ യിൽ കാണാവുന്നതാണ്. |
| (സി) നിർമ്മാണങ്ങൾ വൈകിയിട്ടുണ്ടെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ്; തടസ്സങ്ങൾ നീക്കി ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) നിർമ്മാണങ്ങൾ വൈകാനുണ്ടായ കാരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>1. മിനി സിവിൽസ്റ്റേഷൻ, റാന്നി</u><br>ഇലക്ട്രിക്കൽ വർക്കും അതിനോട് അനുബന്ധിച്ചുള്ള ഫിനിഷിംഗ് വർക്കുകളും മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്ന് സ്പെയ്സ് അലോട്ടമെന്റ് താമസിച്ചതിനാലാണ് ഇലക്ട്രിക്കൽ വർക്ക് താമസിക്കുന്നത്. 31.05.2015-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

**2.ഒ.പി.ബ്ലോക്ക്, താലൂക്ക് ഹോസ്പിറ്റൽ, റാന്നി**

ഇലക്ട്രിക്കൽ വർക്കും അതിനോട് അനുബന്ധിച്ചുള്ള ഫിനിഷിംഗ് വർക്കുകളും മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. പാസ്സഞ്ചർ ലിഫ്റ്റിന്റെ പ്രതിഷ്ഠാപനം നടക്കാത്തതുകൊണ്ടാണ് ഇലക്ട്രിക്കൽ വർക്ക് വൈകുന്നത്. 30.09.2015 - ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**3.പോളിടെക്നിക്, വെച്ചൂച്ചിറ**

കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണ പ്രവർത്തനം മുടങ്ങിയിട്ട് ഒരു വർഷമായി.

**4.ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക്, വെച്ചൂച്ചിറ**

കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധി മൂലം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മുകളിൽപ്പറഞ്ഞ വർക്കുകൾ കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

| | | | |
|---|---|---|---|
| (ഡി) | ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | **താലൂക്ക് ഹോസ്പിറ്റൽ, റാന്നിയിൽ മോർച്ചറി ബിൽഡിംഗിന്റെ നിർമ്മാണം.** നിർമ്മാണ പ്രവൃത്തി നടക്കേണ്ട സ്ഥലത്തിന്റെ മാർഗ്ഗമദ്ധ്യേ സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ മാറ്റി സ്ഥാപിക്കാതെ സൈറ്റിലേക്ക് സാധന സാമഗ്രികളും മെഷീൻസും എത്തിക്കാൻ ബുദ്ധിമുട്ടായതുകാരണം സ്ഥലം, കോൺട്രാക്ടർക്ക് കൈമാറാൻ സാധിച്ചിട്ടില്ല. ഈ തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - എ

| | പ്രവൃത്തിയുടെ പേര് | നിലവിലെ അവസ്ഥ | കരാർ പ്രകാരം പണി പൂർത്തിയാകേണ്ട തീയതി |
|---|---|---|---|
| 1 | റാന്നി മിനി സിവിൽസ്റ്റേഷൻ നിർമ്മാണം | നിർമ്മാണത്തിന്റെ അന്തിമ ഘട്ടം | 31/07/14 |
| 2 | റാന്നി താലൂക്ക് ആശുപത്രി ഒ.പി.ബ്ലോക്കിന്റെ നിർമ്മാണം | നിർമ്മാണത്തിന്റെ അന്തിമ ഘട്ടം | 31/03/14 |
| 3 | വടശ്ശേരിക്കര തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം | പൂർത്തിയായി | 28/10/14 |
| 4 | വെച്ചൂച്ചിറ പോളിടെക്നിക് നിർമ്മാണം | 50% പ്രവൃത്തി പൂർത്തീകരിച്ചു | 31/12/13 |
| 5 | ഇട്ടിയപ്പാറ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം | പ്രവൃത്തി ആരംഭിച്ചു | 31/12/13 |

Meyad
സെക്ഷൻ ഓഫീസർ